# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

ജി. എൽ. പി. സ്കൂൾ
തിരുവാലത്തൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

ജി. എൽ. പി. സ്കൂൾ
തിരുവാലത്തൂർ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :- ജി. എൽ. പി. എസ്. തിരുവാലത്തൂർ. |
| വിലാസം | :- കൊടുമ്പ് (PO) പാലക്കാട് ജില്ല, 678551 |
| വിദ്യാഭ്യാസ ഉപജില്ല | :- ചിറ്റൂർ |
| വിദ്യാഭ്യാസ ജില്ല | :- പാലക്കാട് |
| റവന്യൂ ജില്ല | :- പാലക്കാട് |
| ബി. ആർ. സി | :- ചിറ്റൂർ |
| സി. ആർ. സി | :- എ. ജി. എം. എ. യു. പി. എസ് കൊടുമ്പ് |
| ഗ്രാമപഞ്ചായത്ത് | :- കൊടുമ്പ് |
| ബ്ലോക്ക് പഞ്ചായത്ത് | :- മലമ്പുഴ |
| ജില്ലാ പഞ്ചായത്ത് | :- പാലക്കാട് |
| നിയമ സഭാ മണ്ഡലം | :- മലമ്പുഴ |
| ലോക സഭാ മണ്ഡലം | :- |
| താലൂക്ക് | :- ചിറ്റൂർ |
| വില്ലേജ് | :- കൊടുമ്പ് |
| ഇ - മെയിൽ | :- glpsthiruvalathur4@gmail.com |
| സ്കൂൾ കോഡ് | :- 21326 |

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിറ്ററിംഗ്
11. ഉപസംഹാരം

# ആമുഖം

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിൽ ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. അക്കാദമിക മേഖലയിലെ വികസനം, ഭൗതികവും, സാമൂഹികവുമായ മേഖലകളുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കർമ്മ പദ്ധതികൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, വിവിധ സാമൂഹ്യ- രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ കൂട്ടായ്മയിലൂടെ പദ്ധതികൾ നവീകരിച്ച് നടപ്പിലാക്കണമെന്ന് ഉദ്ദേശിച്ചിട്ടുള്ളത്.

കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ തിരുവാലത്തൂരിൽ സ്ഥിതിചെയ്യുന്ന ഏക സർക്കാർ വിദ്യാലയമാണ് ജി എൽ പി എസ് തിരുവാലത്തൂർ. ഈ വിദ്യാലയത്തിലെത്തുന്ന ഭൂരിഭാഗം കുട്ടികളും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിൽ നിൽക്കുന്നവരാണ്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക, ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുക, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ രൂപീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി കൊണ്ടാണ് 5 വർഷത്തേക്കുള്ള അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# 2. ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾ അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം, കല, കായികം, ആരോഗ്യപഠനം എന്നീ മേഖലകളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തവും താൽപര്യവും ഉറപ്പുവരുത്തും.
- ഹൈ-ടെക് വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കും.
- എല്ലാ ക്ലാസ്സ് മുറികളിലും ICT സാധ്യത ഉറപ്പാക്കും.
- കാർഷിക താൽപര്യവും കാർഷിക സംസ്കാരവും വളർത്തിയെടുക്കുന്നതിന് വിദ്യാലയത്തിൽ കൃഷിപാഠം ഉറപ്പാക്കും. (പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, പൂന്തോട്ടം (Gardening) etc..)
- സ്കൂൾ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിന് ജനകീയ ഇടപെടൽ ഉറപ്പുവരുത്തും.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശിൽപശാലകൾ, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ പ്രയോജനപ്പെടുത്തും.
- പഠനത്തിൽ മുന്നിൽ നിൽക്കുന്നവർക്കും പിന്നിൽ നിൽക്കുന്നവർക്കും CWSN

കുട്ടികൾക്കും പ്രത്യേക പഠന പദ്ധതികൾ രൂപീകരിക്കും.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കും (സോപ്പ്, ചന്ദനത്തിരി നിർമ്മാണം)

# അധ്യായം - 3
# വിദ്യാലയ ചരിത്രം

Photo

| പഴയ കെട്ടിടം | താൽക്കാലിക കെട്ടിടം | പുതിയ കെട്ടിടം |
|---|---|---|

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഏക സർക്കാർ എൽ. പി. സ്കൂളാണ് ജി.എൽ.പി.എസ് തിരുവാലത്തൂർ. പരേതനായ ശ്രീ. ഗോപാലൻ നായരുടെ വാടക കെട്ടിടത്തിൽ 01/12/1924-ൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 2003 മെയ് മാസം വരെ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു. തുടർന്ന് S.S.A. യുടെ സഹായത്തോടെയും നാട്ടുകാരുടെയും പക്കൽ നിന്ന് പിരിവെടുത്ത് സ്കൂളിനുവേണ്ടി 20.17 സെന്റ് സ്ഥലം റിലിംഗ്വഷ്മെന്റായി വാങ്ങുകയും ശേഷം S.S.A ഫണ്ട് ഉപയോഗിച്ച് 5 മുറികളുള്ള സ്കൂൾ കെട്ടിടം പണിത് 01/06/2003-ൽ പുതിയ കെട്ടിടത്തിലേക്ക് അദ്ധ്യയനം മാറി. 12.00 വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ പ്രധാന അദ്ധ്യാപിക

ഉൾപ്പെടെ 4 അധ്യാപകരാണ് ഉള്ളത്. 2009-10 അധ്യയന വർഷത്തിൽ ഇവിടെ 58 വിദ്യാർത്ഥികളാണ് പഠിച്ചിരുന്നത്. അതിൽ 34 ആൺകുട്ടികളും 24 പെൺകുട്ടികളും ഉൾപ്പെടുന്നു.

ഇവിടെ പഠിക്കുന്ന കുട്ടികളിൽ ഭൂരിപക്ഷവും പട്ടികജാതിയിൽപ്പെട്ടവരാണ്. 2007 ആയപ്പോഴേക്കും കെട്ടിടത്തിന് ബലക്ഷയവും വിള്ളലും ചോർച്ചയും ബാധിച്ചു. ഇത് സംബന്ധിച്ച് പരാതി പത്രവാർത്തയായി വന്നതിനെത്തുടർന്ന് ഓംബുഡ്സ്മാൻ സ്വമേധയാ കേസെടുത്ത് താൽക്കാലിക കെട്ടിടം പണിയാൻ നിർദ്ദേശം നൽകി. തുടർന്ന് 5½ ലക്ഷം രൂപ ചിലവിട്ട് പഞ്ചായത്തിന്റെ വകയായി 4 താൽക്കാലിക ക്ലാസ്സ്മുറികൾ ഉൾക്കൊള്ളുന്ന ഷെഡ് 2008-2009 വർഷത്തിൽ നിർമ്മിച്ചു. ഇടുങ്ങിയ 4 ക്ലാസ്സുകളും ഓഫീസ് റൂമും കഞ്ഞിപ്പുരയും ഈ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഉപയോഗശൂന്യമായ മൂത്രപ്പുരയാണ് അ സമയത്ത് ഉണ്ടായിരുന്നത്.

2014-15 വർഷത്തിൽ മലമ്പുഴ എം.എൽ.എ ആയിരുന്ന വി.എസ്. അച്യുതാനന്ദൻ അവർകളുടെ വികസന ഫണ്ടിൽ നിന്നും 65 ലക്ഷം രൂപ ചിലവാക്കി 4 ക്ലാസ്സ്മുറികളുള്ള കെട്ടിടം പണിയുകയും 30/05/2016-ന് ശ്രീ. വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുകയും 2017 ജൂൺ മാസത്തിൽ പുതിയ കെട്ടിടത്തിൽ

ക്ലാസ്സ് ലൈബ്രറി, ചുവർ ചിത്രീകരണം, project ICT പഠനം എന്നിങ്ങനെ മികവിലേക്കുയർന്നു. ഈ വിദ്യാലയത്തിന് നല്ലൊരു ചരിത്രം ഉണ്ടാവട്ടെ എന്നാശംസിക്കുന്നു.

# അധ്യായം - 4

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- എൽ. പി. ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കും.
- ഹൈ-ടെക് വിദ്യാലയമാക്കുന്നതിന് വേണ്ടി വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് [പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, MLA, BRC, പൂർവ്വ വിദ്യാർത്ഥികൾ] വിഭവസമാഹരണം നടത്തി പ്രവർത്തന ക്ഷമമാക്കും.
- ആധുനിക സാങ്കേതിക വിദ്യയും ഇംഗ്ലീഷ് പഠനവും ഉൾപ്പെടുത്തി അധ്യയനം ഉറപ്പാക്കും.

അധ്യയനം തുടങ്ങുകയും ചെയ്തു. പി.ടി.എ യുടെ നേതൃത്വത്തിൽ 2013-14 കാലഘട്ടത്തിൽ പ്രീ-പ്രൈമറി ക്ലാസ്സ് തുടങ്ങി. പ്രീ-പ്രൈമറി ഉൾപ്പെടെ 41 വിദ്യാർത്ഥികളും പ്രധാന അധ്യാപികയും 3 അധ്യാപകരും 1 പി.ടി.സി.എം, 1 പ്രീ-പ്രൈമറി അധ്യാപികയും ഇവിടെ സേവനമനുഷ്ഠിച്ചിരുന്നു. പിന്നീട് പ്രീ-പ്രൈമറി ക്ലാസ്സിൽ കുട്ടികൾ കുറവായതിനെത്തുടർന്ന് അതിലെ കുട്ടികളെ ഒന്നാം ക്ലാസ്സിൽ തന്നെ ഇരുത്തി പഠിപ്പിച്ചു.

ഈ വിദ്യാലയത്തിൽ നിന്നും പ്രീ-പ്രൈമറിയിലെ പത്തോളം വിദ്യാർത്ഥികൾക്ക് സൂപ്പർ കിഡ് മത്സരത്തിൽ മെറിറ്റ്, ബ്രൈറ്റ് എന്നീ സ്ഥാനങ്ങൾ ലഭിച്ചിരുന്നു. ഗണിത ശാസ്ത്രമേളകൾ, കലോത്സവം എന്നീ പരിപാടികളിൽ പങ്കെടുത്ത് മികച്ച വിജയം കൈവരിച്ചു. എല്ലാ കുട്ടികൾക്കും യൂണിറ്റ് ടെസ്റ്റ്, മൂല്യനിർണ്ണയ പരീക്ഷകൾ എന്നിവയിൽ 75 ശതമാനത്തിനു മുകളിലാണ് എ ഗ്രേഡ്. മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ വായനാ പരിപോഷണ പരിപാടികളിൽ നിലവിൽ ഒരു കുട്ടിയും ഉൾപ്പെട്ടിട്ടില്ല. ഒന്നാം ക്ലാസ്സ് ഒന്നാം തരമാക്കുന്നതിന്റെ ഭാഗമായി പഠനങ്ങൾ ശിശുകേന്ദ്രീകൃതമാക്കി.

1. മേഖല — ഭൗതികം

2. പ്രശ്നം — Assembly hall

3. ലക്ഷ്യങ്ങൾ :-

a. എല്ലാ ദിവസവും Assembly നടത്താൻ പറ്റുന്ന തരത്തിലുള്ള HALL ആയിരിക്കണം.

b. മഴയും വെയിലും ഉള്ള സമയത്തും ASSEMBLY നടത്താൻ സൗകര്യം ഉള്ളതായിരിക്കണം.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1. സ്കൂളിന്റെ മുന്നിലുള്ള ഹാളിന്റെ അറ്റകുറ്റപ്പണി നടത്തി Assembly hall ആക്കണം.<br>2. Light, fan എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കണം.<br>3. പ്രത്യേക പരിപാടികൾ നടത്താനുതകുന്ന തരത്തിലാവണം. | HM | 2 വർഷം | 4 ലക്ഷം | Sponsor<br>പഞ്ചായത്ത് |

1. മേഖല — ഭൗതികം

2. പ്രശ്നം — ലൈബ്രറി

3. ലക്ഷ്യങ്ങൾ :-

a. ഭാഷാപരമായ കഴിവുകൾ നേടുന്നതിന്.

b. എല്ലാ വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങളിൽ നിന്ന് അറിവ് നേടുന്നതിന്.

c. എല്ലാ കുട്ടികളിലും വായനാശീലം വളർത്തുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1. ഓരോ ക്ലാസ്സിനും വേണ്ട library ക്ലാസ്സിൽ തന്നെ ഒരുക്കണം. | HM | 2 വർഷം | 2 ലക്ഷം | Sponsor<br>പഞ്ചായത്ത്<br>SSA |
| 2. ശിശുകേന്ദ്രീകൃതമായ ചിത്രകഥകളും പാട്ടുകളും ശേഖരിക്കണം. | | | | |
| 3. കുട്ടികളുടെ അഭിരുചിക്ക് അനുസൃതമായ കൂടുതൽ പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കണം. | | | | |
| 4) കുട്ടികൾക്ക് വായിക്കാനുള്ള പ്രത്യേക സമയം നൽകുന്നു. | | | | |

1. മേഖല - ഭൗതികം

2. പ്രശ്നം - ചിൽഡ്രൻസ് പാർക്ക്

3. ലക്ഷ്യങ്ങൾ :-

a. കുട്ടികളുടെ കായിക വിദ്യാഭ്യാസം ഉറപ്പു വരുത്തണം.

b. സ്കൂളിലേക്ക് കുട്ടികളെയും സമൂഹത്തെയും ആകർഷിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1) കുട്ടികളെ ആകർഷിക്കാൻ പാർക്കിൽ ഊഞ്ഞാലും See-saw യും നിർമ്മിക്കണം. | HM | 2 വർഷം | 2 ലക്ഷം | S.S.A |
| 2. സ്കൂളിന്റെ മുൻവശത്ത് പൂന്തോട്ടം ഒരുക്കണം. | HM | | | |
| 3. പാർക്കിൽ വിശ്രമിക്കാൻ ബെഞ്ച് നിർമ്മിക്കണം. | | | | |
| 4. താമര വളർത്താനായി ചെറിയ ഒരു കുളം നിർമ്മിക്കണം. | | | | |

മേഖല - ഭൗതികം

പ്രശ്നം - മാലിന്യ സംസ്കരണം

ലക്ഷ്യങ്ങൾ :-

a. സ്കൂളിലെ മാലിന്യത്തെ സംസ്കരിച്ച് പരിസര ശുചിത്വം ഉറപ്പു വരുത്തുന്നു.

b. കുട്ടികളെ പരിസര ശുചിത്വത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന്.

c. Biogas plant നിർമ്മിക്കുന്നതിന്റെ പ്രവർത്തനം ഉറപ്പുവരുത്തണം.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്നവർ |
|---|---|---|---|---|
| 1) സ്കൂളിലെ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ശുചിത്വ club രൂപീകരിക്കുന്നു.<br>2) ജൈവമാലിന്യവും അജൈവ മാലിന്യവും വേർതിരിച്ച് സംസ്കരിക്കുന്നു.<br>3. School-ൽ ഒരു കാംമ്പോസ്റ്റ് കുഴി ഉണ്ടാക്കി മാലിന്യം സംസ്കരിക്കുന്നു.<br>4) മാലിന്യം സംസ്കരിക്കാൻ biogas plant നിർമ്മിക്കാൻ പഞ്ചായത്തിന്റെ സഹായം തേടുന്നു. | SRG | | രൂപ 10000 | പഞ്ചായത്ത് |

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 5) ഓരോ സ്കൂളിലും bio gas plant നിർമ്മിക്കാം.<br>6) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഒരു ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കാം.<br>7) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സ്കൂളിൽ പോസ്റ്റർ തയ്യാറാക്കുന്നു. | HM | 2 വർഷം | 50,000 | പഞ്ചായത്ത്<br>SSA |

മേഖല - ഭൗതികം

പ്രശ്നം - വിശ്രമ മുറി (കുട്ടികൾക്ക്)

ലക്ഷ്യങ്ങൾ
1) ആരോഗ്യ പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്ക് വേണ്ടി.
2) CWSN / MR കുട്ടികളുടെ സംരക്ഷണത്തിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1) കുട്ടികൾക്ക് വിശ്രമിക്കാനുള്ള കട്ടിൽ, കിടക്ക, പായ എന്നിവ ഉണ്ടാവണം.<br>2) അത്യാവശ്യ മരുന്നുകൾ ഉണ്ടായിരിക്കണം.<br>3) കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ നിരീക്ഷിക്കാൻ ഒരു ഡോക്ടറുടെയും നഴ്സിന്റെയും സഹായം ലഭ്യമാക്കണം. | HM<br>staff | 2<br>വർഷം | - | sponsor<br>BRC<br>പഞ്ചായത്ത് |

മേഖല - സാമൂഹികം

1) പി.ടി.എ ശക്തിപ്പെടുത്തൽ
2) എസ്.എം.സി. ശക്തിപ്പെടുത്തൽ
3) പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
4) പൂർവ്വ അദ്ധ്യാപക സംഗമം
5) E- സാക്ഷരത
6) അങ്കണവാടി കലോത്സവം
7) ഫുഡ് ഫെസ്റ്റിവൽ
8) സ്കൂൾ വാർഷികം നടത്തൽ.

1. മേഖല - സാമൂഹികം

2. പി.ടി.എ ശക്തിപ്പെടുത്തൽ

3. ലക്ഷ്യങ്ങൾ :-

a. സ്കൂളിന്റെ പുരോഗതിക്ക് വേണ്ടി

b. അധ്യാപകരും രക്ഷിതാക്കളും തമ്മിൽ നല്ലൊരു ബന്ധം ഉണ്ടാക്കാൻ.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി. |
|---|---|---|---|---|
| 1. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും P.T.A സമിതിയിൽ ഇടപെടണം. | HM<br>ടീച്ചർമാർ | 1 വർഷം | | |
| 2. P.T.A ക്ക് പ്രത്യേക ഫണ്ട് സ്വരൂപിക്കണം. | | | | Teachers.<br>SRG convenor. |
| 3. സ്കൂളിലെ കലാകായിക പ്രവർത്തനങ്ങളിൽ P.T.A യുടെ പങ്ക് ഉണ്ടായിരിക്കണം. | | | | |
| 4) കുട്ടികളുടെ പഠനപുരോഗതി PTA വിലയിരുത്തണം. | | | | |

മേഖല → സാമൂഹികം

പ്രശ്നം → SMC ശക്തിപ്പെടുത്തൽ

ലക്ഷ്യങ്ങൾ → a) സ്കൂളിന്റെ പുരോഗതി മെച്ചപ്പെടുത്തൽ

b) സ്കൂളിൽ പുതിയ സൗകര്യങ്ങൾ ഒരുക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1) SMC തിരഞ്ഞെടുത്ത് പുതിയ പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പിലാക്കണം.<br>2) സ്കൂളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് SMC-യുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. | HM<br>Teachers | 2 വർഷം | | HM<br>PTA |

മേഖല → സാമൂഹികം

പ്രശ്നം → പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം

ലക്ഷ്യങ്ങൾ → a) ഈ സ്കൂളിൽ പഠിച്ചിറങ്ങിയ ആളുകളുടെ സേവനം ഉറപ്പുവരുത്തുന്നതിന്.

b) കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്നു.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1) പൂർവ്വ വിദ്യാർത്ഥി സംഘടനകൾ ഒത്തുകൂടി സ്കൂളിന്റെ വികസനം വിലയിരുത്തണം<br>2) സ്കൂളിലേക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കണം. | HM | 2 വർഷം | | HM |

മേഖല → സാമൂഹികം

പ്രശ്നം → പൂർവ്വ അധ്യാപക സംഗമം

ലക്ഷ്യങ്ങൾ → a) പൂർവ്വ അധ്യാപകരുടെ സഹായം സ്കൂളിൽ ഉറപ്പുവരുത്തുന്നു.

b) പൂർവ്വ അധ്യാപകരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1) പൂർവ്വ അധ്യാപകരുടെ യോഗം സ്കൂളിൽ വിളിച്ചു കൂട്ടുന്നു.<br>2) സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.<br>3) പൂർവ്വ അധ്യാപകരെ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിക്കുന്നു. അഭിമുഖം നടത്തുന്നു.<br>4) പൂർവ്വ അധ്യാപകരുടെ ഒപ്പം കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നു. | HM<br>Teachers | 1 വർഷം | | PTA |

കുട്ടികളെ സ്കൂളിലേക്ക് ആകർ
ഷിക്കുന്നതിന് വേണ്ടി പൂർവ്വ
അധ്യാപകരുടെ വക
സ്കോളർഷിപ്പുകൾ നൽകാൻ
തീരുമാനിക്കുന്നു.

6) സ്കൂളിലെ വാർഷികാഘോഷ
ത്തിന് അധ്യാപകരെ ക്ഷണി
ക്കുന്നു, ആദരിക്കുന്നു.

7) S.S.G ഗ്രൂപ്പിൽ പൂർവ്വ
അധ്യാപകരെ ഉൾപ്പെടു
ത്തുന്നു.

മേഖല → സാമൂഹികം

പ്രശ്നം → E- സാക്ഷരത

ലക്ഷ്യങ്ങൾ → a) കുട്ടികൾക്കും രക്ഷിതാക്കൾക്കും കമ്പ്യൂട്ടർ പഠനം ഉറപ്പു വരുത്തുന്നതിന്

b) കമ്പ്യൂട്ടറിലൂടെ പഠനം എളുപ്പമാക്കുന്നതിന്

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1) ഇന്റർനെറ്റ്, വൈഫൈ സൗകര്യം എന്നിവ ഉപയോഗിച്ച് പരിശീലനം നൽകുന്നു<br>2) മാസം തോറും രക്ഷിതാക്കൾക്ക് projector കാണിച്ച് കമ്പ്യൂട്ടർ പരിശീലനം നൽകുന്നു.<br>3) E- സാക്ഷരത നേടിയിട്ടുണ്ടോ എന്നറിയാൻ പരീക്ഷകൾ നടത്തുന്നു.<br>4) പരീക്ഷ നടത്തി അംഗീകൃത സർട്ടിഫിക്കറ്റ് നൽകണം. | HM | 1 വർഷം | 1 ലക്ഷം | പഞ്ചായത്ത്<br>SSA |

മേഖല → സാമൂഹികം

പ്രശ്നം → Food festival

ലക്ഷ്യങ്ങൾ → a) നാടൻ ഭക്ഷണത്തെക്കുറിച്ച് അറിവ് നേടുന്നതിന്.

b) പോഷകഘടകങ്ങൾ അടങ്ങിയ ആഹാരവസ്തുക്കൾ ഏതൊക്കെയാണെന്ന് കുട്ടികളും രക്ഷിതാക്കളും അറിയുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി |
|---|---|---|---|---|
| 1) കുട്ടികളുടെ വീട്ടിൽ നിന്നും നാടൻ ഭക്ഷണ വിഭവങ്ങൾ തയ്യാറാക്കി കൊണ്ടുവരാൻ പറയുന്നു.<br>2) കൊണ്ടുവന്ന വിഭവങ്ങൾ ഉൾപ്പെടുത്തി ഒരു പ്രദർശനം സ്കൂളിൽ സംഘടിപ്പിക്കുന്നു.<br>3) ഇതിൽ നിന്നും നല്ല വിഭവങ്ങൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു. | HM<br>Teachers | 1<br>വർഷം | 5000 | PTA<br>കുടുംബശ്രീ<br>പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 5) ഓരോ വിഭവങ്ങളിലും അടങ്ങിയ പോഷകാ-ഹാരം എന്തൊക്കെയന്ന് വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.<br>6) പോഷകാഹാര കുറവു മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നു. | | | | |

മേഖല → സാമൂഹികം

പ്രശ്നം → Annual day നടത്തൽ

ലക്ഷ്യങ്ങൾ →:-

a) കുട്ടികളിൽ കലകളോട് താൽപര്യം ഉണ്ടാക്കുന്നതിന്.

b) സംഗീതം, നാടകം, കലാപരിശീലനം, എന്നി നൈപുണികൾ നേടുന്നതിന്.

c) കുട്ടികളെയും രക്ഷിതാക്കളെയും സ്കൂളിലേക്ക് ആകർഷിക്കുന്നതിന്.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | നടപ്പിലാക്കുന്ന ഏജൻസി. |
|---|---|---|---|---|
| 1) എല്ലാ വർഷവും സ്കൂൾ വാർഷികം നടത്തണം.<br>2) കുട്ടികൾക്ക് കലാപരിശീലനം നൽകണം.<br>3) ആഴ്ച്ചയിൽ ഒരു ദിവസം എന്ന കണക്കിൽ period തയ്യാറാക്കണം, അധ്യാപകനെ നിയമിക്കണം. | | | | |

3) രക്ഷകർത്താക്കളുടെ കലാപരിപാടികളും പൂർവ്വ വിദ്യാർത്ഥികളുടെ കലാപരിപാടികളും

4) വാർഷികം വിപുലമായി ആഘോഷിക്കാൻ മൈക്കും നല്ലൊരു stage-ഉം ഒരുക്കണം. നാട്ടുകാർക്കെല്ലാം ഇരുന്ന് കാണാനുള്ള സൗകര്യം ഒരുക്കണം.

5) വാർഷികാഘോഷത്തിനുവേണ്ടി നല്ല ഭക്ഷണം ഒരുക്കണം.

6) P.T.A യുടെയും SSG യുടെയും സഹകരണം വാർഷികാഘോഷത്തിൽ ഉറപ്പുവരുത്തണം.

# അധ്യായം 10

## മോണിട്ടറിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും നിർണ്ണയിക്കുകയും വേണം. വാർഷിക കലണ്ടർ, പ്രതിമാസ കലണ്ടർ എന്നിവ തയ്യാറാക്കണം. വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് അത് വരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. BRC തലത്തിൽ പ്രവർത്തന പുരോഗതി വിലയിരുത്തുകയും അതിനനുസരിച്ച് അടുത്ത മാസത്തേക്കുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും വേണം. SRG, PTA, MPTA, CPTA, Noon meal കമ്മിറ്റി എന്നിവ വിദ്യാലയ വികസന പദ്ധതിക്ക് പ്രധാന പരിഗണന നൽകണം. എല്ലാ സമിതികളുടെയും ആദ്യ അജണ്ട വിദ്യാലയ വികസന പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കണം.

## ഉപസംഹാരം

# അധ്യായം 11

## ഉപസംഹാരം

അഞ്ചുവർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് വഴങ്ങുന്നതായിരിക്കണം ഈ പദ്ധതി.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉണ്ടാകണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉണ്ടാകണം. വിദ്യാലയത്തിലേക്ക് ഏത് സ്രോതസിൽ നിന്ന് ഫണ്ട് ലഭിച്ചാലും അത് നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാവണം.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന്

ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്ത-
ണം. അഞ്ച് വർഷം കൊണ്ട് വിദ്യാലയത്തെ
എല്ലാ തരത്തിലും ലോക നിലവാരത്തിലേക്ക്
എത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം
ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതുവാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | a. അക്ഷരം ഉറപ്പിക്കൽ<br>b. ചിഹ്നം ഉറപ്പിക്കൽ<br>c. പദനിർമ്മാണം<br>d. വാക്യനിർമ്മാണം<br>e. പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ്സ് | 10 മാസം | മലയാളം ടീച്ചർ/ SRG | — |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്രമായി വായിക്കാൻ പ്രാപ്തരാക്കുക. | ക്ലാസ് ലൈബ്രറി<br>വായനാമൂല<br>വായനോത്സവം<br>പത്രവായന | 10 മാസം | മലയാളം ടീച്ചർ | — |
| 3 പത്രവായന പ്രോത്സാഹിപ്പിക്കുക. | അസംബ്ലിയിൽ പത്ര വാർത്ത അവതരണം. Sponsorsനെ കണ്ടെത്തൽ | ദിവസവും | വിദ്യാരംഗം SRG. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സർഗ്ഗാത്മക പരിപോഷിപ്പിക്കൽ | കവിതാശിൽപശാല<br>കഥാശിൽപശാല. | ടേമിൽ ഒന്ന് | Experts.<br>മലയാളം | 1000/- |
| | പുസ്തകാസ്വാദനം പങ്കുവെക്കൽ | ആഴ്ചയിൽ ഒന്ന് | അധ്യാപകർ | |
| | കവിതാലാപന മത്സരം | ടേമിൽ ഒന്ന് | S. R.G. | |
| | വായനാവാരപ്രവർത്തനങ്ങൾ | [illegible] കാലം | | |
| വിവിധ ശേഷികളുടെ പ്രവർത്തനം | പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | * ഗണിത മാഗസിൻ<br>* ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം (ഏകദിന ക്യാമ്പ്)<br>* ഗണിത ക്യാമ്പ്<br>ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ. | ജൂൺ - മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ്ടീച്ചർ<br>SRG | |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതികണക്കുകളും ഗണിതപസിലുകളും പരിചയപ്പെടൽ) | ആഴ്ചയിലൊന്ന് വീതം | SRG<br>ക്ലാസ്ടീച്ചർ. | |
| ജ്യാമിതീയ സിദ്ധാന്തം തിരിച്ചറിയാം | ജിയോജിബ്ര ശില്പശാല നടത്തമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളിലൂടെ അനുഭവങ്ങളും ജിയോജിബ്ര ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | |

| | | | | |
|---|---|---|---|---|
| * ഗണിതം ലളിതമാക്കാം കളികളിലൂടെ. | ഓടിക്കളിച്ചു ഗണിതോത്സവം | ജനുവരി | SRG ക്ലാസ്ടീച്ചർ | PTA, SMC |
| * ഗണിതപഠനം രസകരമാക്കാൻ (ചതുഷ്ക്രിയകൾ ലളിതമാക്കാൻ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ മൂല്യനിർണ്ണയം (ഉത്തരവും ചോദ്യവും ഡയസ് കളി) സങ്കലനം - വ്യവകലനം (കാൽപടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| * ഒറിഗാമിയിലൂടെ പഠിക്കാം ഗണിതശാസ്ത്രപഠനം രസകരമാക്കാൻ - കൈ ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിൽ ലഭിക്കുന്ന ഉചിതമായ സമയത്ത് | ക്ലാസ്ടീച്ചർ | PTA |
| * ഗണിതലാബ് ഗണിതപഠനോപകരണങ്ങൾ സജ്ജമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ. | |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ<br>ഗണിതരൂപങ്ങളുടെ പ്രായോഗികതകളും തിരിച്ചറിയൽ. | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ. | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |
| * ഗണിതോപകരണ ശില്പശാല<br>പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ. | |
| * ഗണിതക്ലബ്ബ്<br>ഗണിതശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനപ്രവർത്തനങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ്ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിർവഹണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | (Skit, Drama, conversation, story Telling) | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കാൻ | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ<br>സർഗാത്മകതാ രചനാ ശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തി-ലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| ഇംഗ്ലീഷ് കൈയെ-ഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേ-ഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA. |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായന | | | |

| | | | | |
|---|---|---|---|---|
| | മൂല്യ ബോധങ്ങൾ<br>വായനാവേള<br>ബോധങ്ങൾ<br>വായനാക്കുറിപ്പ് - പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് പഠനം<br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കാൻ | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങൾ ഇവയുടെ അവതരണം | അവധിക്കാലം | HM<br>ക്ലാസ് ടീച്ചർ<br>PTA<br>SMC | |

ക്ലാസ്സും ചുമതലക്കാരും

I - ധന്യ

II - സിന്ധുമോൾ D.S

III - സൗപർണിക

IV - സതി

Strength of students

| | | | SC |
|---|---|---|---|
| I | 4+0 = 4 | | 1+0 = 1 |
| II | 2+1 = 3 | | |
| III | 0+2 = 2 | | |
| IV | 5+2 = 7 | | |

വിവിധ ചുമതലകൾ

SRG - സൗപർണിക

വിദ്യാരംഗം - സൗപർണിക

ശുചിത്വം - സതി

ഉച്ചഭക്ഷണം - ധന്യ.

വായനാക്ലബ് - സതി

ഹരിതക്ലബ് - ധന്യ.